15 -ാം കേരള നിയമസഭ

12 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2253 14-10-2024 - ൽ മറുപടിയ്ക്ക്

## ജി.സി.ഡി.എ.യിലെ ശമ്പള പരിഷ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാർക്കും പെൻഷൻകാർക്കും പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പും ധനകാര്യ വകുപ്പും പരിശോധിച്ച വരികയാണെന്ന് ഈ നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 03.08.2023-ലെ 4186-ാം നമ്പർ ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മറുപടി നൽകിയ വിഷയത്തിൽ നാളിതുവരെയും യാതൊരു നടപടിയും എടുത്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. ധന വകുപ്പിന്റെ നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിലുള്ള പ്രൊപ്പോസൽ അതോറിറ്റി സെക്രട്ടറിയിൽ നിന്നും ലഭ്യമായാലുടൻ തന്നെ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അതോറിറ്റി ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ ജിസിഡിഎ പെൻഷൻകാർക്ക് ആയത് അനുവദിച്ച് നൽകുന്ന വിഷയം പരിശോധിയ്ക്കാൻ നിർവ്വാഹമുള്ളൂ. |
| (ബി) | ശമ്പള പരിഷ്കരണം മൂലം ഉണ്ടാകുന്ന അധികബാധ്യത അതോറിറ്റി തനത് ഫണ്ടിൽ നിന്ന് കണ്ടെത്തുമെന്ന് അറിയിച്ചിട്ടും സർക്കാർ നടപടി വൈകുന്നതിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. ധന വകുപ്പിന്റെ നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിലുള്ള പ്രൊപ്പോസൽ അതോറിറ്റി സെക്രട്ടറിയിൽ നിന്നും ലഭ്യമായാലുടൻ തന്നെ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അതോറിറ്റി ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ ജിസിഡിഎ പെൻഷൻകാർക്ക് ആയത് അനുവദിച്ച് നൽകുന്ന വിഷയം പരിശോധിയ്ക്കാൻ നിർവ്വാഹമുള്ളൂ. |
| (സി) | ജി.സി.ഡി.എ. ജനറൽ കൗൺസിൽ തീരുമാനപ്രകാരം 01.07.2019 മുതൽ ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യം നൽകിയതുപോലെ പെൻഷൻകാർക്ക് കൂടി പ്രസ്തുത ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ; | (സി) | വികസന അതോറിറ്റികളിൽ നിന്ന് ജനറൽ കൗൺസിൽ അംഗീകാരത്തോടുകൂടിയുള്ള ശമ്പള പരിഷ്കരണ പ്രൊപ്പൊസൽ സർക്കാരിലേക്ക് ലഭ്യമായ ശേഷം അതോറിറ്റിയിൽ സ്റ്റാഫ് പാറ്റേൺ ഉൾപ്പെടെയുള്ള വിഷയങ്ങൾ സർക്കാർ പരിശോധിച്ച ശേഷമാണ് ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. വിശാല കൊച്ചി വികസന |

| | | | |
|---|---|---|---|
| | | | അതോറിറ്റിയിലും ഈ രീതിയാണ് പിന്തുടർന്നുപോരുന്നത്. അതോറിറ്റി ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ ജിസിഡിഎ പെൻഷൻകാർക്ക് ആയത് അനുവദിച്ച് നൽകുന്ന വിഷയം പരിശോധിയ്ക്കാൻ നിർവ്വാഹമുള്ളൂ. |
| (ഡി) | നിലവിലുള്ള ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നത് സംബന്ധിച്ച് കാലതാമസം വരുന്നതുകൊണ്ട് പെൻഷൻ പറ്റിയ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വൈകുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | നിലവിലുള്ള ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നത് സംബന്ധിച്ച് ധന വകുപ്പിന്റെ കൂടി നിർദ്ദേശപ്രകാരമുള്ള പ്രൊപ്പോസൽ ലഭ്യമാക്കാൻ ജിസിഡിഎ സെക്രട്ടറിയെ നിർദ്ദേശിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അതോറിറ്റി ജീവനക്കാർക്കും ശേഷം പെൻഷൻകാർക്കും ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ